REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 12-09-2025 | സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- രാജ്യത്തിന്റെ 15-ാമത് ഉപരാഷ്ട്രപതിയായി CP രാധാകൃഷ്ണൻ സത്യപ്രതിജ്ഞ ചെയ്തു.
- കേരളത്തിന്റെ പൊതുവികസന കാഴ്ചപ്പാടുമായി ബന്ധപ്പെട്ടാണ് നഗര വികസനത്തേയും കാണുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- സംസ്ഥാന ആരോഗ്യവകുപ്പിന്റെ പരാജയത്തിന് തെളിവാണ് വർദ്ധിച്ചുവരുന്ന അമീബിക് മസ്തിഷ്ക ജ്വരമെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ.
- ഇന്നലെ അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവ് PP തങ്കച്ചന്റെ ഭൗതികശരീരം പെരുമ്പാവൂരിലെ വസതിയിലെത്തിച്ചു.
- CPI സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ ഇന്ന് സമാപിക്കും.

## വാർത്തകൾ വിശദമായി

**രാജ്യത്തിന്റെ 15-ാമത് ഉപരാഷ്ട്രപതിയായി CP രാധാകൃഷ്ണൻ സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ഭവനിൽ രാവിലെ രാഷ്ട്രപതി ദ്രൗപതി മുർമു അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു. പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, മുൻ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻവർ, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ്, JP നദ്ദ, പിയൂഷ് ഗോയൽ, നിതിൻ ഗഡ്കരി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.**

**ഈ മാസം ഒൻപതിന് നടന്ന ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ NDA സ്ഥാനാർത്ഥിയായ CP രാധാകൃഷ്ണൻ 452 വോട്ടുകളാണ് നേടിയത്. INDI ബ്ലോക്ക് സ്ഥാനാർത്ഥിയും മുൻ സുപ്രീംകോടതി ജഡ്ജിയുമായ B സുദർശൻ റെഡ്ഡിയെ 152 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് രാധാകൃഷ്ണൻ പരാജയപ്പെടുത്തിയത്.**

✪✪✪

**പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ വൈകിട്ട് ജ്ഞാൻ ഭാരതം അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുക്കും. ചടങ്ങിൽ ജ്ഞാൻ ഭാരതം പോർട്ടൽ അദ്ദേഹം നാടിന് സമർപ്പിക്കും. പുരാ രേഖകളുടെ ഡിജിറ്റൈസേഷൻ, സംരക്ഷണം, ലഭ്യത എന്നിവ ഈ ഡിജിറ്റൽ പ്ലാറ്റ് ഫോമിൽ ലഭ്യമാകും. ഇന്നലെയാണ് മൂന്ന് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം ആരംഭിച്ചത്.**

✪✪✪

**BJP ഈ മാസം 17 മുതൽ രാജ്യ വ്യാപകമായി സേവാ പക്ഷാചരണം സംഘടിപ്പിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജന്മദിനമായ 17-ന് തുടങ്ങുന്ന സേവാ പക്ഷാചരണം ഒക്ടോബർ രണ്ട് വരെ തുടരുമെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് അറിയിച്ചു.**

✪✪✪

**കഴിഞ്ഞ 11 വർഷങ്ങളിൽ കേന്ദ്രം കാലഹരണപ്പെട്ട 1,600 ഓളം നിയമങ്ങൾ പിൻവലിച്ചതായി കേന്ദ്ര സഹമന്ത്രി ഡോ.ജിതേന്ദ്രസിംഗ് അറിയിച്ചു. പരിഷ്കരണങ്ങൾക്ക് ഗവൺമെന്റ് ഏറ്റവും മുന്തിയ പരിഗണനയാണ് നൽകുന്നതെന്ന് ഡോ.സിംഗ് ന്യൂഡൽഹിയിൽ പറഞ്ഞു.**

✪✪✪

**നാവികസേനയുടെ INS ആരവല്ലി യുദ്ധക്കപ്പൽ ഇന്ന് ഗുരുഗ്രാമിൽ കമ്മീഷൻ ചെയ്യും. ഇന്ത്യയുടെ സമുദ്ര സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ സുപ്രധാന ചുവടുവയ്പാണിത്.**

**INS ആരവല്ലി, നാവികസേനയുടെ വിവര -ആശയവിനിമയ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു. ചടങ്ങിൽ**

നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് K ത്രിപാഠി അധ്യക്ഷനായിരിക്കും.

✪✪✪

കേരളത്തിന്റെ പൊതുവികസന കാഴ്ചപ്പാടുമായി ബന്ധപ്പെട്ടാണ് നഗര വികസനത്തേയും കാണുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൊച്ചിയിൽ കേരള അർബൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം ഉറപ്പു വരുത്താൻ ആവശ്യമായ നടപടികളും നഗര വികസനത്തിന്റെ ഭാഗമായി നടപ്പാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

കേന്ദ്ര ഗവണ്മെന്റുമായി സഹകരിച്ചാണ് നഗരവികസന പദ്ധതികൾ സംസ്ഥാനം ആവിഷ്കരിച്ചു നടപ്പാക്കുന്നത്. പരിമിതികൾക്ക് ഉള്ളിൽ നിന്നാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നതെന്നും, കേരളത്തിലെ നഗരവൽക്കരണം ദേശീയ ശരാശരിയെക്കാൾ ഏറെ കൂടുതലാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ഡെസ്ക്ക് റിപ്പോർട്ട്...

.......(വോയ്സ്).....

ഭവന രംഗത്തും, ക്ഷേമ പെൻഷൻ രംഗത്തുമെല്ലാം കേരളം വലിയ നേട്ടമാണ് കാഴ്ച വെക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഓരോ നഗരവും കേന്ദ്രീകരിച്ചു പ്രത്യേക മാസ്റ്റർ പ്ലാൻ നടപ്പാക്കാനായെന്നും, വിഴിഞ്ഞം തുറമുഖവും, കൊച്ചി മെട്രോയും ഇതിന് ഉദാഹരണമാണെന്നും പിണറായി വിജയൻ അറിയിച്ചു. ലൈഫ് മിഷൻ മുഖേന 5 ലക്ഷത്തോളം വീടുകൾ നൽകി. 5000 ത്തിലധികം ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചെന്നും, സാധാരണ ജനങ്ങളുടെ ജീവിത നിലവാരം ഉറപ്പാക്കിയാണ് ഗവൺമെന്റ് നഗരവൽക്കരണ പദ്ധതികളുമായി മുന്നോട്ട് പോകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. അതി ദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി കേരളം ഉടൻ മാറും.

നഗര വൽക്കരണം ദ്രുതഗതിയിൽ നടക്കുന്ന കാലഘട്ടത്തിലാണ് നാമെന്ന് കേന്ദ്രമന്ത്രി മനോഹർലാൽ ഘട്ടാർ പറഞ്ഞു. അർബൻ കോൺക്ലെവിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. അർബൻ കോൺക്ലേവിന് മുൻകൈയ്യെടുത്ത മുഖ്യമന്ത്രിയെ ഘട്ടാർ അഭിനന്ദിച്ചു.

ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ നഗരവത്കരണം നടക്കുന്ന ഏക സംസ്ഥാനമാണ് കേരളമെന്ന് അർബൻ കോൺക്ലേവിൽ അധ്യക്ഷനായ

മന്ത്രി MB രാജേഷ് പറഞ്ഞു. ചരിത്രത്തിൽ ആദ്യമായാണ് ഒരു സംസ്ഥാനം നഗര വത്കരണത്തിന് സമഗ്ര നയരൂപീകരണം നടത്തുന്നതെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

കൃത്യമായ ആസൂത്രണത്തിലൂടെയും കൂട്ടായ പ്രവർത്തനത്തിലൂടെയും പൊതുഗതാഗത സംവിധാനത്തെ ശക്തിപ്പെടുത്തുന്ന KSRTC യുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഭാവിയില്ലെന്ന് വിധിയെഴുതിയ KSRTC പുരോഗതിയുടെ അതിവേഗ സഞ്ചാരത്തിലാണെന്ന് മുഖ്യമന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. അത്യാധുനിക സംവിധാനങ്ങളോടെ നവീകരിക്കപ്പെട്ട KSRTC വരുമാനത്തിലും റെക്കോർഡ് നേട്ടമുണ്ടാക്കി.

ടിക്കറ്റിലൂടെ 10 കോടി 19 ലക്ഷം രൂപയും, ടിക്കറ്റ് ഇതര വരുമാനമായി 82 ലക്ഷം രൂപയുമാണ് സെപ്റ്റംബർ എട്ടിന് KSRTC നേടിയതെന്ന് മുഖ്യമന്ത്രി അറിയിച്ചു. മുടങ്ങിക്കിടന്ന സർവീസുകൾ പുനഃരാരംഭിച്ചത് വരുമാന വർദ്ധനയ്ക്ക് സഹായകമായതായും പിണറായി വിജയൻ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ ആരോഗ്യവകുപ്പ് പൂർണ പരാജയമാണ് എന്നതിന് തെളിവാണ് വർദ്ധിച്ചുവരുന്ന അമീബിക് മസ്തിഷ്ക ജ്വരമെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ പറഞ്ഞു. രോഗം പകരാൻ കാരണമെന്താണെന്ന് ആരോഗ്യവകുപ്പിന് സ്ഥിരീകരിക്കാൻ പോലും കഴിയുന്നില്ല. ജനങ്ങൾ ആശങ്കയിലാണെന്നും, സംസ്ഥാനത്തെ ആരോഗ്യവകുപ്പ് വെന്റിലേറ്ററിലായ അവസ്ഥയിലാണെന്നും സതീശൻ കൊച്ചിയിൽ കുറ്റപ്പെടുത്തി. രോഗകാരണം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ കേന്ദ്രത്തിലെ വിദഗ്ധ സംഘത്തിന്റെ സഹായം തേടണമെന്നും സതീശൻ ആവശ്യപ്പെട്ടു.

✪✪✪

അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് നിലവിൽ പത്ത് പേരാണ് കോഴിക്കോട് ചികിത്സയിൽ കഴിയുന്നത്. ഇതിൽ മൂന്ന് കുട്ടികളാണ്. എല്ലാവരുടേയും ആരോഗ്യ നില തൃപ്തികരമാണെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ഇന്നലെ ആലുവയിൽ അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും KPCC മുൻ പ്രസിഡന്റും, മുൻ നിയമസഭ സ്പീക്കറുമായ PP തങ്കച്ചന്റെ ഭൗതികശരീരം രാവിലെ പെരുമ്പാവൂരിലെ വസതിയിൽ എത്തിച്ചു. നാളെ ഉച്ചവരെ പൊതു ദർശനത്തിന് വെക്കും. സംസ്കാരം നാളെ വൈകിട്ട് നെടുമ്പാശ്ശേരി മാർ ശാബോർ അഫ്രോത്ത് യാക്കോബായ സുറിയാനി കത്തീഡ്രലിലാണ്.

✪✪✪

പാലക്കാട് ജില്ലയിലെ വനാതിർത്തികളിൽ വന്യമൃഗങ്ങൾ കാടിറങ്ങുന്നത് തടയാൻ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കാൻ നടപടി ആരംഭിച്ചു.

പാലക്കാട് നിന്ന് ഫൈസൽ അലിമുത്ത് ....

.....(വോയ്സ് )....

✪✪✪

കണ്ണൂർ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ടൂറിസം മേഖലകളെ ലോക ശ്രദ്ധയിലേക്ക് എത്തിക്കാൻ നാളെ 'റൺ പാലക്കയം തട്ട് ' ഇരിക്കൂർ ടൂറിസം രാജ്യാന്തര മിനി മാരത്തൺ രാവിലെ പയ്യാവൂരിൽ ആരംഭിക്കും. DTPC യും ഇരിക്കൂർ ടൂറിസം & ഇന്നോവേഷൻ കൗൺസിലും സംയുക്തമായാണ് മാരത്തൺ സംഘടിപ്പിക്കുന്നത്.

പന്ത്രണ്ടര കിലോമീറ്റർ മിനി മാരത്തണിൽ എത്യോപ്യ, നേപ്പാൾ എന്നീ രാജ്യങ്ങളിൽ നിന്നും വിവിധ സംസ്ഥാനങ്ങളിൽ നിന്നും അത്‌ലറ്റുകൾ പങ്കെടുക്കും.

✪✪✪

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന ദേശീയ നൃത്തോത്സവം - ത്രിഭംഗി- നാളെ കണ്ണൂർ തളിപ്പറമ്പിൽ ആരംഭിക്കും. നൃത്തോത്സവത്തിന്റെ ഉത്തരമേഖല തല പരിപാടിയാണിത്.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.

.......(വോയ്സ്)..................

✪✪✪

അബുദാബിയിൽ ഏഷ്യാകപ്പ് ക്രിക്കറ്റ്, ഗ്രൂപ്പ് B മത്സരത്തിൽ ബംഗ്ലാദേശ്, ഏഴുവിക്കറ്റിന് ഹോങ്കോങ്ങിനെ തോൽപ്പിച്ചു. ആദ്യം ബാറ്റിങ്ങിനിറങ്ങിയ ഹോങ്കോങ്, ഏഴുവിക്കറ്റ് നഷ്ടത്തിൽ 143 റൺസെടുത്തപ്പോൾ ബംഗ്ലാദേശ്, 17.4 ഓവറിൽ ലക്ഷ്യം മറി കടന്നു.

✪✪✪

ചട്ടമ്പിസ്വാമിയുടെ നൂറ്റിഎഴുപത്തിരണ്ടാം ജയന്തിദിനം, കൊല്ലം പന്മന ആശ്രമത്തിൽ സമുചിതമായി ആഘോഷിച്ചു. ജയന്തി സമ്മേളനം വാഴൂർ തീർത്ഥ പാദാശ്രമം മഠാധിപതി സ്വാമി പ്രജ്ഞാ-നാനന്ദ തീർത്ഥപാദർ ഉദ്ഘാടനം ചെയ്തു.

✪✪✪

മലബാർ ഇനിഷ്യേറ്റീവ് ഫോർ സോഷ്യൽ ഹാർമണി കോഴിക്കോട്ട് ഓണാഘോഷം സംഘടിപ്പിച്ചു. സാമൂതിരി രാജ PK കേരള വർമ്മ മുഖ്യാതിഥിയായിരുന്നു. നോവലിസ്റ്റ് സുഭാഷ് ചന്ദ്രൻ ഓണസന്ദേശം നൽകി.

✪✪✪

പ്രവാസി കമ്മീഷന്റെ എറണാകുളം ജില്ലാ അദാലത്ത് അടുത്ത ചൊവ്വാഴ്ച കാക്കനാട് കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. അദാലത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും പരാതികൾ പരിഗണിക്കും. കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റീസ് സോഫി തോമസാണ് അദാലത്തിന് നേതൃത്വം നൽകുന്നത്.

✪✪✪

സ്വർണ്ണവില ഇന്നും വർധിച്ചു. പവന് 560 രൂപ കൂടി 81,600 ലെത്തി. 10,200 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

വയനാട് മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് അംഗം ജോസ് നെല്ലേടത്തെ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തി. വീട്ടിനടുത്തെ കുളത്തിലാണ് മൃതദേഹം കണ്ടെത്തിയത്.

✪✪✪

തവനൂർ സെൻട്രൽ ജയിലിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസറെ മരിച്ച നിലയിൽ കണ്ടെത്തി. പാലക്കാട് സ്വദേശി S.ബർഷത്തിനെ ആണ്

**ജയിലിന് സമീപത്തെ വാടക ക്വാർട്ടേഴ്സിൽ മരിച്ച നിലയിൽ രാവിലെ കണ്ടെത്തിയത്.**

✪✪✪

**ഉത്തരമേഖല വേല സമുദായ സംഘം കണ്ണൂർ ജില്ലാ സമ്മേളനവും വാർഷികാഘോഷവും നാളെ പയ്യന്നൂരിൽ നടത്തും. മൂരികൊവ്വൽ ശ്രീനാരായണ വിദ്യാലയത്തിൽ രാവിലെ പയ്യന്നൂർ കുഞ്ഞിരാമൻ വാർഷികം ഉദ്ഘാടനം ചെയ്യും.**

✪✪✪

---

*News Editor : വി.കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*NRT s: അനിൽ ചന്ദ്രൻ*
*DEO : ഷീബ*